# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 ജൂലൈ 15, വെള്ളി

**നമ്പർ 13**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ശ്രദ്ധ ക്ഷണിക്കൽ :

(1) കൊല്ലം ടൗണിനും സമീപ പഞ്ചായത്തുകൾക്കും കുടിവെള്ളം പ്രദാനം ചെയ്യുന്ന ശാസ്താംകോട്ട ശുദ്ധജല തടാകം വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തിലൂടെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ കോവൂർ കുഞ്ഞുമോൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് വനാതിർത്തിയിൽ താമസിക്കുന്നവർ വന്യജീവികളിൽനിന്ന് നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സണ്ണി ജോസഫ് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

മേശപ്പുറത്തുവച്ച കടലാസുകൾ :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വച്ചു :

[ചട്ടം 47(2) പ്രകാരമുള്ളത്]

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 3414, 3425, പതിനാറാം സമ്മേളനത്തിലെ 2228, 2257 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

KNPP. 823/2016(i).

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 835, 2467 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 174 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

<u>റിപ്പോർട്ട് സമർപ്പണം</u> :

2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ റിപ്പോർട്ട് സമർപ്പിച്ചു.

<u>അനൗദ്യോഗികാംഗങ്ങളുടെ കാര്യം</u> :

(1) ശ്രീമതി യു. പ്രതിഭ ഹരി "2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ" ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകയ്ക്ക് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

(2) ശ്രീ. എം. സ്വരാജ് "2016-ലെ കേരള പക്ഷി-മൃഗസങ്കേതങ്ങളോടു ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ" ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

2016 ജൂലൈ 18-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 12.30-ന് സഭ പിരിഞ്ഞു.

പി. ജയലക്ഷ്മി,
*സെക്രട്ടറി-ഇൻ-ചാർജ്.*

**FOURTEENTH KERALA LEGISLATIVE ASSEMBLY**

## First Session

# BULLETIN—PART I

(Brief Record of Proceedings)

*Friday July 15, 2016*

**No. 13**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions :*

Four questions in the list of questions posted for the day were answered orally.

*Calling Attention :*

(1) Shri Kovoor Kunjumon called the attention of the Chief Minister to the necessity to conserve the Sasthamkotta freshwater lake, which provides drinking water to Kollam town and nearby Panchayaths, by co-ordinating the functions of various Departments of the Government. The Chief Minister made a statement thereto.

(2) Shri Sunny Joseph called the attention of the Minister for Forest, Animal Husbandry and Zoo to the necessity to take steps to solve the difficulties reportedly being faced, from wild animals, by those living in proximity to the boundaries of the forests in the State. The Minister made a statement thereto.

*Papers laid on the table :*

The following papers were laid on the table :

[As per Rule 47(2)]

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 3414, 3425 പതിനാറാം സമ്മേളനത്തിലെ 2228, 2257 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

KNPP. 823/2016(ii).

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 835, 2467 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 174 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും

*Presentation of Report :*

The Report of Subject Committee XIV regarding the Legislative Assembly (Removal of Disqualifications) Amendment Bill, 2016 was presented.

*Private Members' Business :*

(1) Smt. U. Prathibha Hari moved a motion for leave to introduce "The Kerala Indigent Widows Welfare and Protection Assurance Bill, 2016". Since the motion was opposed, the mover was allowed to make a brief statement. The statement was inconclusive.

(2) Shri M. Swaraj moved a motion for leave to introduce "The Kerala Restriction of Construction Activities near Bird and Animal Sanctuaries Bill, 2016". Since the motion was opposed, the mover was allowed to make a brief statement. The Statement was inconclusive.

The House adjourned at 12.30 p.m. to meet again at 8.30 a.m. on Monday July 18, 2016.

P. JAYALEKSHMI,
*Secretary-in-charge.*